## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 664 03-11-2016-ൽ മറുപടിക്ക്**

**മനുഷ്യാവകാശ കമ്മീഷൻ ആഫീസ് ആസ്ഥാനം മാറ്റാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| *664 ശ്രീ.സി.എഫ്.തോമസ്<br>,, റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | ശ്രീ. എ.കെ.ബാലൻ<br>(ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും, നിയമവും, സാംസ്കാരികവും, പാർലമെൻററികാര്യവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആഫീസ് കെട്ടിടത്തിന് പ്രതിമാസം വാടകയിനത്തിൽ എത്ര രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആഫീസ് കെട്ടിടത്തിന് വാടകയിനത്തിൽ പ്രതി മാസം 2,80,466/- (രണ്ട് ലക്ഷത്തി എൺപ തിനായിരത്തി നാന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) രൂപയും കോമൺ അമിനിറ്റീസ് ചാർജ്ജായി 12,500/-(പന്ത്രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) രൂപയുമാണ് ചെലവഴി ക്കുന്നത്. 2013 സെപ്റ്റംബറിലാണ് മനുഷ്യാവകാശ കമ്മീഷൻ ആഫീസ് നിലവിലെ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയത്. |
| (ബി) | പ്രസ്തുത കമ്മീഷൻെറ ആസ്ഥാനം തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ടെർമിനലിലേക്ക് മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; തമ്പാനൂരിലുള്ള കെ. എസ്. ആർ.ടി. സി. ടെർമിനൽ കോംപ്ലക്സിലെ ഓഫീസ് സ്പെയിസ് ബഹു: ആക്റ്റിംഗ് ചെയർപേഴ്സൺ, സെക്രട്ടറി, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നീ ഉദ്യോഗസ്ഥർ സന്ദർശിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഓഫീസ് സ്പെയിസിൽ ഫ്ലോറിങ്ങോ ഒരു ആഫീസിന് അനുയോജ്യമായ |

| | | |
|---|---|---|
| | | മറ്റ് സജ്ജീകരണങ്ങളോ ഒന്നും തന്നെ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ നിലവിലെ അവസ്ഥയിൽ കമ്മീഷന് അതിൽ പ്രവർത്തിക്കുന്നതിന് തടസ്സമുണ്ട്. |
| (സി) | മനുഷ്യാവകാശ കമ്മീഷൻ പ്രതിമാസം വാടകയിനത്തിൽ ചെലവഴിക്കുന്ന തുക കെ.എസ്. ആർ.ടി.സി.ക്ക് ലഭിക്കത്തക്ക വിധത്തിൽ, കമ്മീഷന്റെ ആസ്ഥാനം തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ടെർമിനലിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | 2013-സെപ്റ്റംബർ മാസത്തിൽ 28,81,446/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാനൂറ്റി നാല്പത്തിയാറ് രൂപ മാത്രം) ചെലവാക്കിയാണ് പി.എം.ജി. ജംഗ്ഷനിലെ നിലവിലുള്ള വാടക കെട്ടിടത്തിൽ മനുഷ്യാവകാശ കമ്മീഷനുവേണ്ടി ഓഫീസ് സൗകര്യങ്ങൾ ഒരുക്കിയത്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ ഓഫീസ് സൗകര്യങ്ങളും ഫ്ലോറിങ്ങും മറ്റ് അനുബന്ധ സജ്ജീകരണങ്ങളും കെ.എസ്.ആർ.ടി.സി ടെർമിനലിൽ ഒരുക്കിത്തരുന്ന പക്ഷം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഓഫീസ് കെ.എസ്.ആർ.ടി.സി ടെർമിനലിലേക്ക് മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**ഉത്തരവിൻ പ്രകാരം,**

(signature)

**സെക്ഷൻ ഓഫീസർ.**